4. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ താമസ സൗകര്യം ലഭ്യമല്ലാതിരുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സംസ്ഥാനത്ത് CBO (Community Based Organisation)-കളുടെ കീഴിൽ പ്രവർത്തിച്ചിരുന്ന ഷെൽട്ടർ ഹോമുകളിൽ താമസ സൗകര്യം ഏർപ്പെടുത്തിയിരുന്നു.

(8) ബേക്കൽ എയർ സ്ട്രിപ് പ്രോജക്ട്

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ പെരിയയിൽ എയർ സ്ട്രിപ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടതാണ് എന്റെ സബ്മിഷൻ. അന്താരാഷ്ട്ര ടൂറിസം മാപ്പിൽ ഇടംപിടിച്ച ഒരു ടൂറിസ്റ്റ് കേന്ദ്രമാണ് ബേക്കൽ കോട്ട. ടൂറിസം ഇന്റർനാഷണൽ സ്പോട്ടായ ബേക്കൽ കോട്ട സന്ദർശിക്കുന്നതിനായി വിദേശത്തുനിന്നും സ്വദേശത്തുനിന്നും ആയിരക്കണക്കിന് ടൂറിസ്റ്റുകൾ ദിവസേന അവിടെ വരുമായിരുന്നു. കോവിഡ് കാലത്തുമാത്രമാണ് ഇവിടേയ്ക്കുള്ള ടൂറിസ്റ്റുകളുടെ വരവ് കുറഞ്ഞത്. ഇവിടെയൊരു എയർ സ്ട്രിപ് സ്ഥാപിക്കണമെന്നുള്ള ആവശ്യം നേരത്തെ ഉയർന്നുവരുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽനിന്നും തത്വത്തിൽ അംഗീകാരം ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. ഇതിനായി പെരിയ വില്ലേജിൽ 80.41 ഏക്കർ സ്ഥലം കണ്ടെത്തുകയും മറ്റ് പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത് യാഥാർത്ഥ്യമായാൽ മംഗലാപുരം, ബാംഗ്ലൂർ, കണ്ണൂർ എന്നീ മൂന്ന് എയർപോർട്ടുകളിലേയ്ക്ക് ഒരു കണക്ടിവിറ്റിയുണ്ടാകുകയും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള ഒരു കേന്ദ്രമായി ബേക്കൽ കോട്ട മാറുകയും ചെയ്യും. ഈ പ്രോജക്ട് നടപ്പാക്കേണ്ടത് കാസർഗോഡ് ജില്ലയുടെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. ഇപ്പോൾ കേന്ദ്ര വ്യോമയാന മന്ത്രാലയം ചില ക്വറികളിട്ട് പ്രൊപ്പോസൽ തിരിച്ചയച്ചുകൊണ്ടിരിക്കുകയാണ്. തൽപ്പരകക്ഷികൾക്ക് ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതിൽ എതിർപ്പുണ്ടോയെന്ന് പറയാൻ കഴിയുന്ന നിലയിലാണ് കാര്യങ്ങളുള്ളത്. പ്രസ്തുത പദ്ധതി നടപ്പാക്കാനാവശ്യമായ എല്ലാ നടപടികളും അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ബേക്കൽ എയർ സ്ട്രിപ് പ്രോജക്ട് നടപ്പാക്കുന്നതിന് അടിയന്തരമായി ഇടപെടുകയും ആവശ്യമായ തീരുമാനമെടുക്കുകയും പദ്ധതി യാഥാർത്ഥ്യമാക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ എക്സ്റ്റന്റ് ചെയ്യാൻ സാധ്യതയുള്ള മലബാറിലെ ടൂറിസ്റ്റ് കേന്ദ്രമായ ബേക്കലിൽ എയർ സ്ട്രിപ് യാഥാർത്ഥ്യമാക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ഉന്നയിച്ചിട്ടുള്ളത്. കാസർഗോഡ് ജില്ലയിലെ പെരിയയിൽ എയർ സ്ട്രിപ് നിർമ്മിക്കുന്നതിന് സർക്കാർ അംഗീകാരം നല്കിയിരുന്നു. 18-1-2018-ന് ബഹുമാനപ്പെട്ട മുൻ സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം ഭൂമി ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടുപോകുന്നതിനാവശ്യമായ വിശദമായ പ്രൊപ്പോസൽ BRDC (Bakel Resorts Development Corporation) കാസർഗോഡ് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. ഭൂമി ഏറ്റെടുക്കുന്നതിനായി 28 കോടി രൂപയോളം ആവശ്യമായി വരുമെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. എയർ സ്ട്രിപ്പ് പദ്ധതിക്കായി ഗതാഗത വകുപ്പിന്റെ 7-8-2018-ലെ ഉത്തരവ് പ്രകാരം ഏവിയേഷൻ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, കാസർഗോഡ് ജില്ലാ കളക്ടർ, BRDC-യുടെ മാനേജിംഗ് ഡയറക്ടർ, ധനകാര്യ വകുപ്പിന്റെ പ്രതിനിധി, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിന്റെ പ്രതിനിധി എന്നിവരെയുൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ചു. മംഗലാപുരം, കണ്ണൂർ എന്നീ എയർപോർട്ടുകളിൽനിന്നും ബേക്കലിലേയ്ക്ക് യാത്ര ചെയ്യാൻ ഏകദേശം രണ്ട് മണിക്കൂർ മാത്രമേ ആവശ്യമുള്ളൂ. അതുകൊണ്ട് ഇവിടെ പൂർണ്ണതോതിലുള്ള വിമാനത്താവളം നടപ്പാക്കുക പ്രായോഗികമല്ലെന്ന് കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയം അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ എട്ട് മുതൽ പത്ത് സീറ്റുകൾ വരെയുള്ള ഒരു വൺ എഞ്ചിൻ എയർ വാൻ സംസ്ഥാനത്തെ ഒൻപത് പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളെ കണക്ട് ചെയ്യുകൊണ്ട് സർവ്വീസ് നടത്തുന്നതിനുള്ള പദ്ധതിയാണ് വിഭാവന ചെയ്തിരുന്നത്. ആദ്യപടിയായി ബേക്കൽ, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് ഏകദേശം 1400 മീറ്റർ ദൈർഘ്യമുള്ള റൺവേ മതിയാകും. ഈ പദ്ധതിക്ക് കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ, പെരിയ വില്ലേജിൽ 80 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 54 ഏക്കർ സർക്കാർ ഭൂമിയും 26 ഏക്കർ സ്വകാര്യ ഭൂമിയുമാണ്. ഇലക്ട്രോണിക്സ് ടോട്ടൽ സ്റ്റേഷൻ (ഇ.ടി.എസ്.) സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ സാമൂഹികാഘാത പഠനവും പൂർത്തിയാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ എല്ലാ പ്രായോഗികവശങ്ങളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സമിതി നിർദ്ദിഷ്ട എയർ സ്ട്രിപ്പിനായി ബേക്കലിൽ തെരഞ്ഞെടുത്തിരിക്കുന്ന ഭൂമി ഈ ആവശ്യത്തിന് ഉതകുന്നതാണോ എന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ മഹീന്ദ്ര ഗ്രൂപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കേന്ദ്ര വ്യോമയാന മന്ത്രാലയം ആവശ്യപ്പെട്ട മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി ഗതാഗതവകുപ്പ് കാസർഗോഡ് ജില്ലാകളക്ടറോട് നിർദ്ദേശിക്കുകയും ചെയ്തു. ഇവ ലഭ്യമാക്കുന്ന മുറയ്ക്ക് വിശദമായ പരിശോധനകൾക്കുശേഷം സാധ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിലെ സാഹചര്യത്തിൽ ബി.ആർ.ഡി.സി.-യെ നിർദ്ദിഷ്ട എയർ സ്ട്രിപ് പദ്ധതിയുടെ നോഡൽ ഏജൻസിയായി നിയമിക്കാവുന്നതാണോ എന്ന വിഷയത്തിൽ ഗതാഗത വകുപ്പുമായി വിശദമായ ചർച്ചകൾ നടത്തിയതിനുശേഷം തീരുമാനമെടുക്കുന്നതാണ്. ലോകത്തിലെ പ്രധാനപ്പെട്ട പത്ത് unexplored tourist destinations ആയി Lonely Planet കണ്ടെത്തിയിട്ടുള്ളതിൽ ഒന്ന് മലബാറാണ്. ആ നിലയിൽ അതിന്റേതായ പ്രാധാന്യത്തോടുകൂടി ഇക്കാര്യം വകുപ്പ് പരിശോധിക്കുന്നതാണ്.